## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2536 — 09/03/2017-ൽ മറുപടിയ്ക്ക്.

### ക്ഷീരോത്പാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | (എ) | ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി മിൽമയുടെ മേഖലാ യൂണിയനുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ക്ഷീരോല്പാദനരംഗത്തെ വളർച്ചയ്ക്കായി ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പുവർഷം ഉല്പാദനക്ഷമതയുള്ള സങ്കരയിനം കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് എം.എസ്.ഡി.പി പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. ഒരു പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വീതമുള്ള ഡെയറി യൂണിറ്റുകൾക്ക് ക്ഷീരകർഷകർക്ക് സഹായം നൽകുന്നു.<br>ക്ഷീരകർഷകർക്കാവശ്യമായ പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ വിലവർദ്ധനവിൽ കർഷകരെ സഹായിക്കുന്നതിന് കാലിത്തീറ്റ സബ്സിഡി പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>2017-18 വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ സമഗ്രക്ഷീരവികസന പദ്ധതിയിലൂടെയും 5 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയിലൂടെയും ഉല്പാദനക്ഷമത കൂടിയ മേൽത്തരം കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.<br>ക്ഷീരോല്പാദന രംഗത്തേയ്ക്ക് കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് സാങ്കേതിക വിദ്യകളും ഈ രംഗത്തുള്ള നൂതന പ്രവണതകളും കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് നിലവിലുള്ള ക്ഷീരപരിശീലനകേന്ദ്രങ്ങളെ സംരംഭകത്വ പ്രോത്സാഹന പരിശീലനകേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും അതിലൂടെ പാലിൽ നിന്നും വൈവിധ്യമാർന്ന ഉല്പന്ന ങ്ങളുടെ നിർമ്മാണത്തിനും പരിശീലനത്തിനും വിപണന സൗകര്യത്തിനുമുള്ള സഹായങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ക്ഷീരകർഷകവൃത്തി കാർഷികവൃത്തിയായി പരിഗണിച്ച് മറ്റു കർഷകർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ക്ഷീരകർഷകർക്കും ലഭ്യമാക്കുന്നതിന്റെ ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | നമ്മുടെ നാടിന് അനുയോജ്യമായതും ഒട്ടേറെ ഔഷധഗുണമുള്ള പാൽ ലഭിക്കുന്നതുമായ വെച്ചൂർ പശുവിനെപ്പോലുള്ള നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനും കൂടുതലായി ഇവയെ വളർത്തുവാൻ ക്ഷീരകർഷകരെ പ്രേരിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (ഡി) | കേരളത്തിന്റെ തനതു നാടൻ ജനുസ്സായ വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ പാൽ മേന്മയേറിയതാണെങ്കിലും ശരാശരി ഉത്പാദനം 2 ലിറ്ററിന് താഴെയാണ്. സംസ്ഥാനത്ത് പാലിന് സ്വയംപര്യാപ്തത നേടുന്നതിന് ഉത്പാദനം കൂടിയ സങ്കരയിനം കന്നുകാലികൾ ആവശ്യമാണ്.എന്നിരുന്നാലും വെച്ചൂർ പശുക്കളെ വളർത്താൻ താൽപര്യമുള്ള കർഷകർക്ക് ഗുണനിലവാരമുള്ള ഉരുക്കളെ നൽകുന്നതിന് കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് സഹായിക്കുന്നുണ്ട്. കൂടാതെ ഈ ജനുസ്സുകളിൽപ്പെട്ട പശുക്കളെ വളർത്തി സംരക്ഷിക്കുന്ന കർഷകർക്ക് 10,000/- രൂപ ഒറ്റത്തവണ ധനസഹായമായി കെ.എൽ.ഡി ബോർഡ് (കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്) നല്കി വരുന്നുണ്ട്.<br>• കെ.എൽ.ഡി. ബോർഡിന്റെ തൃശ്ശൂർ പുത്തൂരുള്ള ഫാമിൽ നാടൻ ജനുസ്സുകളിൽപ്പെട്ട വെച്ചൂർ, കാസർഗോഡ് കുള്ളൻ കന്നുകാലികളെ വളർത്തി വംശനാശ ഭീഷണിയിൽ നിന്നും സംരക്ഷിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു.<br>• മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി കാസർഗോഡ് |

ജില്ലയിലെ ബദിയടുക്കയിൽ ഫാം പ്രവർത്തിച്ച വരുന്നു.

- തിരുവനന്തപുരം കടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെയും കാളകളെയും സംരക്ഷിച്ച വരുന്നു.
- തിരുവനന്തപുരം വിതുര ജഴ്സി ഫാമിൽ വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെയും കാളകളെയും സംരക്ഷിച്ചവരുന്നു.
- കെ.എൽ.ഡി ബോർഡ് വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ജനുസ്സുകളിൽപ്പെട്ട കാളകളുടെ ബീജമാത്രകൾ മൃഗസംരക്ഷ വകുപ്പിന്റെ കൃത്രിമബീജധാന കേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്നുണ്ട്.
- കൂടാതെ സംസ്ഥാനത്ത് ഇവയുടെ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഗവൺമെന്റേതര സന്നദ്ധ സംഘടനകൾ (NGO's) പ്രവർത്തിക്കുന്നുണ്ട്. അവർക്ക് വേണ്ട എല്ലാ സഹായ സഹകരണങ്ങളും മൃഗസംരക്ഷണ വകുപ്പ നല്കി വരുന്നു.

സെക്ഷൻ ഓഫീസർ.